# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

**2012 മാർച്ച് 22, വ്യാഴം**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**തിരുത്തിയ ഉത്തരം**

**17-10-2011-ലെ നക്ഷത്രച്ചിഹ്നമിടാത്ത 3780-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം**

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 2011 ഒക്ടോബർ 17-ാം തീയതിയിലെ നക്ഷത്രച്ചിഹ്നമിടാത്ത 3780-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**സത്യപ്രതിജ്ഞ**

സെക്രട്ടറി (ഇൻ-ചാർജ്ജ്), നിയമസഭ: പിറവം അസംബ്ലി നിയോജക മണ്ഡലത്തിൽനിന്നും വിജയിച്ച ശ്രീ. അനൂപ് ജേക്കബ് സത്യപ്രതിജ്ഞ യ്ക്കായി ഇവിടെ സന്നിഹിതനായിട്ടുണ്ട്.

(ശ്രീ. അനൂപ് ജേക്കബ് ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്ത് രജിസ്റ്ററിൽ ഒപ്പുവച്ച് അദ്ധ്യക്ഷവേദിയെ അഭിവാദ്യം ചെയ്തശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടനായി.)

അനുമോദനം :

സംഗീതലോകത്ത് അതുല്യ സംഭാവനകളർപ്പിച്ച ചലചിത്ര സംഗീത രംഗത്ത് 50 വർഷം പൂർത്തിയാക്കിയ ഡോ. കെ.ജെ. യേശുദാസിനെ സഭ അനുമോദിച്ചു.

അറിയിപ്പ്

2012 ഏപ്രിൽ 11-ാം തീയതി വൈകിട്ട് 3.00 മണിക്ക് നിയമസഭാ മന്ദിരത്തിലെ മെമ്പേഴ്സ് ലോഞ്ചിൽവച്ച് ഡോ. കെ.ജെ. യേശുദാസിനെ ആദരിക്കുന്ന വിവരം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

അടിയന്തരപ്രമേയം

പെൻഷൻപ്രായം വർദ്ധിപ്പിച്ചതിനെതിരെ നടത്തിയ യുവജനമാർച്ച്

മി. സ്പീക്കർ: പെൻഷൻപ്രായം വർദ്ധിപ്പിച്ച സർക്കാർ തീരുമാനം പിൻവലക്കണമെന്നാവശ്യപ്പെട്ട് ഇടതുപക്ഷ യുവജന സംഘടകളുടെ നേതൃത്വത്തിൽ ഇന്നലെ നിയമസഭയിലേക്കും കളക്ടറേറ്റുകളിലേക്കും മാർച്ച് നടത്തിയ യുവജനങ്ങൾക്കെതിരെ പോലീസ് ഗ്രനേഡും ടിയർഗ്യാസും ജലപീരങ്കിയും പ്രയോഗിക്കുകയും ലാത്തിച്ചാർജ് നടത്തുകയും ചെയ്തതിൽ 300-ഓളം പേർക്ക് പരിക്കേറ്റതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.എസ്. സുനിൽ കുമാർ, പി. ശ്രീരാമകൃഷ്ണൻ, മാത്യു ടി തോമസ്, എ.എ. അസീസ്, എ.

കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയ കൂട്ടവിരമിക്കൽ പദ്ധതി തികച്ചും അശാസ്ത്രീയവും പല ജീവനക്കാരെയും ദ്രോഹിക്കുന്നതും സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതുമാണെന്ന് മനസ്സിലാക്കിയതിനാലാണ് സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 വയസ്സാക്കി നിജപ്പെടുത്തിയത്. ഒരൊറ്റ ഉദ്യോഗാർത്ഥിക്കുപോലും തൊഴിലവസരം നഷ്ടപ്പെടാത്ത രീതിയിൽ നടപടികൾ സ്വീകരിച്ചതിനുശേഷമാണ് ഈ തീരുമാനം കൈക്കൊണ്ടത്. ഇതിൽ പ്രതിഷേധിച്ച് ഇടതുപക്ഷ യുവജന സംഘടനാപ്രവർത്തകർ 21-03-2012-ന് നടത്തിയ നിയമസഭാ മാർച്ചിലും കളക്ടറേറ്റ് മാർച്ചുകളിലും പല അനിഷ്ട സംഭവങ്ങളുമുണ്ടാവുകയും 48 പോലീസ് ഉദ്യോഗസ്ഥർക്കും 134 സമരക്കാർക്കും പരിക്കുപറ്റുകയും പൊതുമുതൽ നശിപ്പിച്ചതിലൂടെ 17 ലക്ഷത്തിലധികം രൂപയുടെ നഷ്ടമുണ്ടാവുകയും ചെയ്തു. പൊതുമുതൽ നശിപ്പിച്ചും മറ്റുള്ളവരെ അക്രമിച്ചുമുള്ള പ്രതിരോധത്തിനോട് യോജിക്കാൻ നിവൃത്തിയില്ല. ജനാധിപത്യ രീതിയിൽ ഏത് പ്രശ്നവും ചർച്ചചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. അക്രമാസക്തമായ സമരത്തിൽനിന്ന് പിന്മാറണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി.എസ്. സുനിൽ കുമാർ: പെൻഷൻ പ്രായം വർദ്ധിപ്പിച്ച സർക്കാർ തീരുമാനം പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേരളത്തിലെ ഇടതു

പക്ഷ യുവജനസംഘടനകളുടെ നേതൃത്വത്തിൽ നിയമസഭയിലേക്കും സംസ്ഥാനവ്യാപകമായി കലക്ട്രേറ്റുകളിലേക്കും നടത്തിയ മാർച്ചിൽ യുവ ജനങ്ങൾക്കുനേരെ ക്രൂരമായ ആക്രമണമാണ് പോലീസിന്റെ ഭാഗത്തു നിന്നും ഉണ്ടായത്. നേതാക്കന്മാരുൾപ്പെടെ സമരത്തിൽ പങ്കെടുത്ത വിക ലാംഗരും വനിതകളുമടങ്ങുന്ന മുന്നൂറിലധികം പേരെ അതിക്രൂരമായി മർദ്ദി ക്കുകയും പരിക്കേറ്റവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുക യുമാണ്. സംഭവം റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർക്കുനേരെ ജല പീരങ്കി പ്രയോഗിച്ചതിന്റെ ഫലമായി വിലപിടിപ്പുള്ള ക്യാമറകളും മറ്റും നശിക്കുകയുണ്ടായി. ചെറുപ്പക്കാർക്ക് നേരെയുണ്ടായ അക്രമത്തെ സംബ ന്ധിച്ച് അന്വേഷിക്കാനും പെൻഷൻപ്രായം വർദ്ധിപ്പിക്കാനെടുത്ത തീരു മാനം പിൻവലിക്കാനും തയ്യാറാകണം. ഗൗരവമായ ഈ പ്രശ്നം സഭാനടപ ടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ പെൻഷൻ ഏകീകരണം നടപ്പിലാക്കിയപ്പോൾ യു.ഡി.എഫ്. എതിർപ്പ് പ്രകടിപ്പിച്ചത് ജനാധിപത്യ രീതിയിലായിരുന്നു. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 വയസ്സായി ഉയർത്തിയതിനെ പല പ്രതിപക്ഷ സംഘടനകളും സ്വാഗതം ചെയ്യുന്നുവെന്നുള്ള സത്യം ഉൾക്കൊള്ളാൻ പ്രതിപക്ഷം തയ്യാറാകണം. കൂട്ടവിരമിക്കൽ ഭരണതലത്തിലുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും ജീവനക്കാരുടെ പ്രൊമോഷൻ സാധ്യതകൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാനുമാണ് പെൻഷൻ പ്രായം 56 വയസ്സായി ഉയർത്തിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ പല പൊതുമേഖലാ സ്ഥാപനങ്ങളിലേയും സഹകരണ പ്രസ്ഥാനങ്ങളിലേയും

ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ചെറുപ്പക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടുമാത്രമേ പെൻഷൻ പ്രായം വർദ്ധിപ്പിക്കുകയുള്ളൂ. ജീവനക്കാർക്ക് ഒരിക്കൽ കൊടുത്ത ആനുകൂല്യം തിരിച്ചെടുക്കാൻ കഴിയില്ല. 2012 മാർച്ച് 31-ന് വിരമിക്കേണ്ടിയിരുന്ന തസ്തികകളിൽ പതിനായിരം പേരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും 2992 സൂപ്പർന്യൂമററി ഒഴിവുകൾ സൃഷ്ടിക്കുന്നതിന് ക്യാബിനറ്റ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ നടപടി സ്വീകരിക്കും. കൂട്ടവിരമിക്കൽ പിൻവലിക്കാനുള്ള തീരുമാനം യു.ഡി.എഫ്.-ന്റേതാണ്. അക്രമം കാണിക്കുന്നവർക്കെതിരെ പോലീസ് ശക്തമായ നടപടി സ്വീകരിക്കും. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, സി.കെ. നാണു, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ശ്രദ്ധക്ഷണിക്കൽ

(1) കേരളഹൗസുകളിലെ അമിത മുറി വാടക

ശ്രീ. കെ. ശിവദാസൻ നായർ: മുംബൈ, ഡൽഹി, കന്യാകുമാരി എന്നിവിടങ്ങളിലെ കേരളഹൗസുകളിൽ അമിതമായ മുറി വാടകയാണ് ഈടാക്കുന്നത്. ഇവിടങ്ങളിലെ ചെക്കൗട്ട് സമയം 6 P.M. എന്നുള്ളത്

പുന:പരിശോധിച്ച് ചെക്ക് ഇൻ മുതൽ ചെക്കൗട്ട് വരെ 24 മണിക്കൂറായി നിജപ്പെടുത്താൻ നടപടി സ്വീകരിക്കണം. ഡൽഹി കേരളഹൗസിൽ ഗുണനിലവാരമുള്ള ഭക്ഷണം നൽകാനും കന്യാകുമാരി കേരളഹൗസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും മുംബൈ കേരളഹൗസിലെ ഇൻമേറ്റ്സിന് ഭക്ഷണം കഴിക്കാൻ പ്രത്യേക സംവിധാനമുണ്ടാക്കാനും നടപടി സ്വീകരിക്കണം. പൊതുജനങ്ങൾക്ക് കേരളഹൗസുകളിൽ താമസിക്കുന്നതിന് പ്രത്യേക പരിഗണന നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : പത്ത് വർഷങ്ങൾക്കുശേഷമാണ് ന്യൂഡൽഹി കേരള ഹൗസിലെ വാടക നിരക്കുകൾ വർദ്ധിപ്പിച്ചത്. ചെക്ക് ഔട്ട് സമയത്തിന്റെ അസൗകര്യങ്ങളെക്കുറിച്ച് ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിക്കുകയും 01-01-2012 മുതൽ ചെക്കൗട്ട് സമയം 24 മണിക്കൂറായി പരിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്.. ഗവൺമെന്റിന്റെ ഇന്റൻഷന് വിരുദ്ധമായി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അത് തിരുത്തുന്നതാണ്. കേരള ഹൗസിലെ ഭക്ഷണത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. മുംബൈ, കന്യാകുമാരി കേരള ഹൗസുകളിലെ വാടക നിരക്കുകൾ യഥാക്രമം 2001-ലും 2007-ലുമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. കന്യാകുമാരി കേരള ഹൗസിലെ നിലവിലുള്ള മുറിവാടക കൂടുതലാണെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. ന്യൂഡൽഹി കേരള ഹൗസിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളെക്കുറിച്ചും അവിടെയുള്ള വാഹനങ്ങൾ വി.ഐ.പി.കളുടേയും ഉദ്യോഗസ്ഥരുടേയും ഉപയോഗത്തിനായി നൽകുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണ്.

## (2) കള്ളുചെത്ത് വ്യവസായത്തിലെ പ്രശ്നങ്ങൾ

ശ്രീ. വി.എസ്. സുനിൽകുമാർ: ഏകദേശം 42000-ത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന കള്ളുചെത്ത് വ്യവസായ മേഖലയിൽ 867-ഓളം കള്ളുഷാപ്പുകൾ പൂട്ടിക്കിടക്കുന്നതിനാൽ 6000-ത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായ സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. പരമ്പരാഗത തൊഴിലാളികൾ ചെത്തിയെടുക്കുന്ന ശുദ്ധമായ കള്ള് സ്പിരിറ്റ്, ലഹരിവസ്തുക്കൾ എന്നിവ ചേർത്ത് ഷാപ്പുകളിലൂടെ വിൽപ്പന നടത്തി കോൺട്രാക്ടർമാർ വൻതോതിൽ ലാഭമുണ്ടാക്കുകയാണ്. എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായ സഹകരണത്തോടുകൂടിയാണ് ഇത്തരത്തിലുള്ള കള്ള് വിൽക്കുന്നത്. കള്ള് വ്യവസായത്തെപ്പറ്റി പഠിക്കുന്നതിനായി നിയോഗിച്ച ലളിതാംബിക കമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ നടപ്പാക്കാത്തതുമൂലം ഈ വ്യവസായവും അതിൽ പണിയെടുക്കുന്ന തൊഴിലാളികളും പ്രതിസന്ധിയിലായിരിക്കുകയാണ്. ഈ വ്യവസായത്തെ ആധുനികവത്ക്കരിക്കുന്നതിനും തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ച് അവരെ പട്ടിണിയിൽനിന്ന് സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : കള്ള് വ്യവസായ മേഖലയിൽ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് 5 മുതൽ 7 വരെ ഷാപ്പുകളടങ്ങിയ ഗ്രൂപ്പുകളായി തിരിച്ച് ലൈസൻസിംഗ് സമ്പ്രദായത്തിലൂടെ വിൽപ്പന നടത്തുകയും ഗ്രൂപ്പുകൾ മുന്നോട്ടുവരാത്ത സാഹചര്യത്തിൽ നാമമാത്രമായ വാടകയ്ക്ക് 244

കള്ളുഷാപ്പുകൾ തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിച്ച് പ്രവർത്തനം നടത്തുകയും ചെയ്യുന്നു. കള്ളുഷാപ്പുകൾ ഏറ്റെടുക്കുന്നതിന് മുൻകൂർ കെട്ടിവയ്ക്കേണ്ട തൊഴിലാളികളുടെ ഒരു മാസത്തെ വേതനത്തിന് തുല്യമായ തുകയോ 3 മാസത്തെ ക്ഷേമനിധിക്ക് തുല്യമായ തുകയോ സർക്കാർ പൂർണ്ണമായി ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. തൃശ്ശൂർ താലൂക്കിലെ കള്ളുഷാപ്പുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽനിന്ന് റേഞ്ച് അടിസ്ഥാനത്തിലാക്കി വിൽപ്പന നടത്താൻ കഴിഞ്ഞ സാമ്പത്തിക വർഷം അനുമതി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽനിന്നും മറ്റ് ജില്ലകളിലേക്ക് കള്ള് എത്തിക്കുന്നതിന് പെർമിറ്റ് നൽകുകയും അടച്ചിട്ട കള്ളുഷാപ്പുകളിലെ തൊഴിലാളികൾക്ക് 50 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ച് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ലൈസൻസികൾ മുൻകൂറായി നൽകിയ തുക കള്ളുഷാപ്പുകൾ പൂട്ടിയതിനെത്തുടർന്ന് തൊഴിലാളികൾക്ക് തിരിച്ചുനൽകുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ അമിത വ്യാപനം തടയാൻ ശക്തമായ നടപടി സ്വീകരിക്കുകയും ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്ന നടപടി അവസാനിപ്പിക്കുന്നതിന് റൂളിൽ ഭേദഗതി വരുത്തുകയും ചെയ്തു. പുതുതായി FL1 ഷോപ്പുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം മൂന്ന് മണിക്കൂർ വെട്ടിക്കുറയ്ക്കുകയും ദൂരപരിധി നിശ്ചയിക്കുകയും ചെയ്തു. അടുത്ത സാമ്പത്തിക വർഷം മുതൽ ഓരോ ജില്ലയിലും ഓരോ മോഡൽ കള്ളുഷാപ്പുകൾ കെ.എസ്.ബി.സി.-യുടെ ചുമതലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ കള്ളുഷാപ്പുകളിൽ ശുദ്ധമായ കള്ള് വിൽക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ നടപടി

കളും സ്വീകരിച്ചിട്ടുണ്ട്. കള്ളുചെത്ത് വ്യവസായ മേഖലയുമായി ബന്ധപ്പെട്ട വിവിധ കമ്മീഷൻ റിപ്പോർട്ടുകൾ പരിശോധിച്ച് പ്രായോഗിക നടപടികൾ സ്വീകരിക്കുകയും തൃശ്ശൂരിലെ പ്രശ്ന പരിഹാരത്തിനായി ആവശ്യമാണെങ്കിൽ പ്രത്യേക യോഗം ചേരുന്നതുമാണ്.

സബ്മിഷൻ

(1) പത്രവിതരണക്കാരുടെ സമരം

ശ്രീ. ജോസഫ് വാഴക്കൻ : ഏജന്റുമാരുടെ കമ്മീഷൻ വ്യവസ്ഥകൾ പരിഷ്ക്കരിക്കണമെന്ന ആവശ്യമുന്നയിച്ച് ഒരുവിഭാഗം പത്ര വിതരണക്കാർ നടത്തുന്ന സമരംമൂലം കേരളത്തിലെ പല പ്രദേശങ്ങളിലും പ്രധാനപ്പെട്ട ദിനപ്പത്രങ്ങളുടെ വിതരണം തടസ്സപ്പെട്ടിരിക്കുകയാണ്. ഇത് വാർത്തകൾ അറിയുവാനുള്ള ജനങ്ങളുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഒരുവിഭാഗം പത്ര ഏജന്റുമാർ സംസ്ഥാന വ്യാപകമായി പത്രവിതരണം നിറുത്തിവച്ച് 20-03-2012 മുതൽ പണിമുടക്ക് സമരം നടത്തിവരികയാണ്. സമരം ചെയ്യാതെ പത്രവിതരണം നടത്താൻ ആഗ്രഹിക്കുന്ന ആളുകളെ തടസ്സപ്പെടുത്തിയ നടപടി നിർഭാഗ്യകരവും തെറ്റായ പ്രവണതയുമാണ്. ചില സ്ഥലങ്ങളിൽ പത്രങ്ങൾ കത്തിക്കുകയും നശിപ്പിക്കുകയും ചെയ്ത സംഭവത്തിൽ കേസ് എടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പത്രവിതരണക്കാരുടെ ന്യായമായ കാര്യങ്ങളിൽ നിയമപരമായി ഇടപെടാൻ ഗവൺമെന്റ് തയ്യാറാണെന്ന് പ്രതിനിധികളോട് പറഞ്ഞിട്ടുണ്ട്. തിരുവല്ല, കോഴഞ്ചേരി, പന്തളം, അടൂർ, റാന്നി തുടങ്ങിയ പ്രദേശങ്ങളിൽ ദേശാഭിമാനി, മാധ്യമം ഒഴികെയുള്ള പത്രങ്ങൾ വിതരണം നട

ത്തിയിട്ടില്ല. തൊഴിൽ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഇക്കാര്യത്തിൽ നിയപരമായി ഇടപെടാൻ ശ്രദ്ധിക്കുന്നതാണ്. .

(2) <u>അബ്ദുൾ ഖയൂമിന്റെ കൊലപാതകം</u>

<u>ശ്രീ. എസ്. ശർമ്മ</u> : വൈപ്പിൻ നിയോജകമണ്ഡലത്തിലെ എടവനക്കാട് പ്രദേശത്ത് സാമൂഹ്യ-വിദ്യാഭ്യാസ-കലാ-സാംസ്ക്കാരിക മേഖലകളിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ അബ്ദുൾ ഖയൂമിനെ സംഘംചേർന്ന് ആക്രമിക്കുകയും മർദ്ദനത്തെത്തുടർന്നുണ്ടായ ഹൃദയാഘാ തത്താൽ മരണപ്പെടുകയുമുണ്ടായ സംഭവത്തിൽ ഘാതകരെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കാൻ തയ്യാറാകണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> എടവനക്കാട് വില്ലേജിലെ അബ്ദുൾ ഖയൂമിനെ 03-03-2012-ന് രാത്രി ഒൻപതുപേർ ചേർന്ന് ദേഹോ പദ്രവം ഏൽപ്പിച്ച് ബോധരഹിതനാക്കിയതിനെത്തുടർന്ന് പെരുമ്പള്ളി ക്രിസ്തുജയന്തി ആശുപത്രിയിൽ എത്തിച്ചെങ്കിലും അദ്ദേഹം മരണപ്പെട്ടു. സംഭവത്തിൽ ഞാറയ്ക്കൽ പോലീസ് കേസെടുത്ത് അന്വേഷണം നടത്തിവ രികയാണ്. ശരീരത്തിൽ ഒൻപതോളം മുറിവുകളുണ്ടായിരുന്നു. ഹിസ്റ്റോ പാത്തോളജിക്കൽ റിപ്പോർട്ട്, കെമിക്കൽ എക്സാമിനേഷൻ റിപ്പോർട്ട് എന്നിവ ലഭിച്ചാൽ മാത്രമേ നിയമപരമായി കൂടുതൽ നടപടികൾ സ്വീകരി ക്കാൻ സാധിക്കുകയുള്ളൂ. ഈ കേസിലെ 9 പ്രതികളിൽ 3 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്. പ്രതികൾ കൃത്യം നടത്തിയതിനുശേഷം രക്ഷപ്പെടാനുപയോഗിച്ച മോട്ടോർ സൈക്കിളും ഓട്ടോറിക്ഷയും പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഒളി

വിൽ പോയ ആറ് പ്രതികളെ പിടിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(3) ഫയർ സ്റ്റേഷൻ

ശ്രീ. എം.പി. വിൻസെന്റ്: ഒല്ലൂർ നിയോജകമണ്ഡലത്തിലെ മണ്ണുത്തിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അടുത്ത അഞ്ച് വർഷങ്ങളിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ മണ്ണുത്തി ഫയർ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല. മണ്ണുത്തിക്ക് സമീപം തൃശ്ശൂരിലും പുതുക്കാടും ഇപ്പോൾ ഫയർ സ്റ്റേഷനുകൾ നിലവിലുണ്ട്. ഇപ്പോഴുള്ള മുൻഗണനാ ലിസ്റ്റ് പൂർത്തിയായാൽ മാത്രമേ പുതിയ ലിസ്റ്റ് ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. മണ്ണുത്തിയുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(4) പെന്തക്കോസ്ത് വിശ്വാസികളുടെ പ്രാർത്ഥന

ശ്രീ. രാജു എബ്രഹാം: പെന്തക്കോസ്ത് സഭാവിശ്വാസികൾക്ക് വീടിനുള്ളിൽ പ്രാർത്ഥന നടത്തുന്നതിന് ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വേണമെന്നാണ് ഹൈക്കോടതി ഉത്തരവിട്ടത്. വീടുകളിൽ ആരാധന നടത്തുന്ന പെന്തക്കോസ്തുകാർക്കെതിരെ വ്യാപകമായ ആക്രമണം നടന്നുവരുന്നതിനാലും പോലീസ് നിഷ്ക്രിയരായി നിൽക്കുന്നതിനാലും ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പന്തളം വില്ലേജിലെ ഒരു വീട്ടിൽ എല്ലാ മാസവും രണ്ടാമത്തെ ചൊവ്വാഴ്ച പെന്തക്കോസ്ത് വിഭാഗക്കാർ രാത്രികാലങ്ങളിൽ ഒത്തുചേർന്ന് ഉച്ചത്തിൽ പ്രാർത്ഥന നടത്തുന്നതിനാൽ

കുട്ടികൾക്ക് പഠിക്കാനും ഉറങ്ങാനും ബുദ്ധിമുട്ടുണ്ടാകുന്നുവെന്നുകാണിച്ച് പരിസരവാസികൾ പോലീസിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അടൂർ ഡിവൈ.എസ്.പി. ഇരുകൂട്ടരേയും വിളിച്ചുവരുത്തി ഒത്തുതീർപ്പുണ്ടാക്കിയെങ്കിലും വീട്ടുടമ പൂർണ്ണമായ അനുമതിയാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയെ സമീപിക്കുകയും ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങിയശേഷംമാത്രമേ പ്രാർത്ഥനായോഗം നടത്താവൂ എന്ന് ഹൈക്കോടതി ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. പ്രാർത്ഥനകളുടെ പേരിൽ അയൽവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിവിധ മതവിശ്വാസികൾ തിങ്ങിപ്പാർക്കുന്ന കേരളത്തിൽ പരസ്പര വിശ്വാസത്തോടും സഹിഷ്ണുതയോടെയുമുള്ള പ്രവർത്തനമാണ് ആവശ്യം.

(5) അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റിയത് സംബന്ധിച്ച്

ശ്രീ. എ. പ്രദീപ് കുമാർ: കോഴിക്കോട് ജില്ലയിലെ മാറാട് കൂട്ടക്കൊല സംബന്ധിച്ച കേസ് അന്വേഷിച്ചുകൊണ്ടിരുന്ന ക്രൈം ബ്രാഞ്ച് എസ്.പി.യെത്തന്നെ അന്വേഷണ ചുമതല ഏൽപ്പിക്കുന്നതിനും യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): മാറാട് കലാപത്തെക്കുറിച്ച് അന്വേഷിച്ചിരുന്ന പോലീസ് ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയതിൽ യാതൊരു രാഷ്ട്രീയ ഇടപെടലും ഉണ്ടായിട്ടില്ല. ഈ കേസ്സിൽ ക്രൈംസ് വിഭാഗം അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നിയന്ത്രണത്തിൽ ശ്രീ. പി.എ. വൽസനെയാണ് മുഖ്യ അന്വേഷണോദ്യോഗസ്ഥനായി സർക്കാർ നിയോഗിച്ചിരിക്കുന്നത്. ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയത് ഈ കേസ്സിനെ സംബന്ധിച്ചിടത്തോളം യാതൊരു വിധത്തിലുള്ള ബുദ്ധിമുട്ടുമുണ്ടാക്കില്ല. സി.ബി.ഐ. അന്വേഷണത്തെ യു.ഡി.എഫ്. എതിർത്തിട്ടില്ല. കോഴിക്കോട്

കളക്ടറുടെ സഹായത്തോടെ മാറാട് നല്ല ഒരന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(6) <u>കുടിവെള്ളക്ഷാമം</u>

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ കുടിവെള്ളവിതരണം മെച്ചപ്പെടുത്തിന്നതിനായി 1250 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതിയുടെ പ്രിലിമിനറി എഞ്ചിനീയറിംഗ് റിപ്പോർട്ട് എ.ഡി.ബി. യുടെ സാമ്പത്തിക സഹായം ലഭിക്കുന്നതിലേക്കായി തയ്യാറാക്കിയിട്ടുണ്ട്. ആല, വെൺമണി, പുലിയൂർ മുതലായ സ്ഥലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പദ്ധതിക്കാവശ്യമായ സ്ഥലം പഞ്ചായത്തുകൾ ലഭ്യമാക്കുകയാണെങ്കിൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ഏറ്റെടുക്കുന്നതാണ്.

(7) <u>തുമ്പൂർമൂഴി കനാലുകളിൽ വെള്ളം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. ബി.ഡി. ദേവസ്സി</u>: ചാലക്കുടിപ്പുഴ-ഡൈവേർഷൻ സ്കീമിൽ തുമ്പൂർമൂഴി ഇടതുകര-വലതുകര കനാലുകളിൽ വെള്ളം ലഭ്യമാക്കുന്നതിനായി ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് പെരിങ്ങൽകുത്തിൽ നിന്നും കൂടുതൽ വെള്ളം തുറന്നുവിടുന്നതിനും തുമ്പൂർമൂഴി തടയണയുടെ ഉയരം കൂട്ടുകയും തുമ്പൂർമൂഴിക്ക് മുകളിലായി കൂടുതൽ സംഭരണശേഷി

യുള്ള പുതിയ ഡാം നിർമ്മിക്കുകയോ ചെയ്ത് പ്രശ്നം ശാശ്വതമായി പരി ഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : പെരിങ്ങൽകുത്ത് ഡാമിൽ മുഴുവൻ ജനറേറ്ററുകളും എല്ലാസമയത്തും ഒരുപോലെ പ്രവർത്തി പ്പിച്ച് ഇടതടവില്ലാതെ വെള്ളം തുറന്നുവിടുന്നതിന് കെ.എസ്.ഇ.ബി.യോട് നേരിട്ടും കത്ത് മുഖേനയും ആവശ്യപ്പെട്ടിട്ടുണ്ട്. തുമ്പൂർമൂഴി തടയണയുടെ ഉയരം കൂട്ടുന്നതിനും ചെക്ക് ഡാം-സ്റ്റോറേജ് ഡാം എന്നിവയുടെ നിർമ്മാണ ത്തിനും മുന്നോടിയായി സാദ്ധ്യതാപഠനം നടത്തുന്നതിന് നടപടി സ്വീകരി ക്കുന്നതാണ്.

(8) പന്തളം കുടിവെള്ള പദ്ധതി

ശ്രീ. ചിറ്റയം ഗോപകുമാർ: അടൂർ നിയോജകമണ്ഡലത്തിലെ പന്തളം കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കുന്നതിനും ശുദ്ധജല വിത രണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : എൽ.ഐ.സി. യുടെ ധനസഹായത്തോടെ ആരംഭിച്ച പന്തളം ശുദ്ധജല വിതരണ പദ്ധതി തുടർസഹായം ലഭ്യമാകാത്തതിനാൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. 2008-ൽ നബാർഡ് സഹായത്തോടെ പ്രവൃത്തി പുനരാരംഭിക്കുകയും പദ്ധ തിയുടെ പ്രധാന ഘടകങ്ങളായ കിണർ, ശുദ്ധീകരണശാല, ജലസംഭരണി കൾ, പമ്പ് ഹൗസുകൾ, പമ്പ് സെറ്റുകൾ എന്നിവ പൂർത്തിയാക്കുകയും ചെയ്തു. ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള പണികൾ നടന്നുവരുന്നു. പമ്പിംഗ് മെയിനും ഡി.ഐ. പൈപ്പ് ലൈനുകളും സ്ഥാപിക്കാനുള്ള ടെൻഡർ നാല് തവണ വിളിച്ചെങ്കിലും കരാറുകാർ ക്വാട്ട് ചെയ്ത റേറ്റ് കൂടു തലായതിനാൽ അംഗീകാരം നൽകാൻ കഴിഞ്ഞില്ല. പ്രസ്തുത പ്രവൃത്തി

റീ-ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പുതുതായി ടെൻഡർ വിളിച്ച് പണി പൂർത്തിയാക്കാൻ ഒരു വർഷം വേണ്ടിവരും. എസ്റ്റി മേറ്റ് തയ്യാറാക്കി പരിശോധിച്ചുവരികയാണ്. എത്രയുംവേഗം പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കും.

(9) കിള്ളിയാറിന്റെ സംരക്ഷണം

ശ്രീ. പാലോട് രവി: നെടുമങ്ങാട്-അരുവിക്കര-വാമനപുരം നിയോജ കമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന കിള്ളിയാറിനെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും കിള്ളിയാറിന്റെ പരിസരത്ത് അർഹമായ സ്ഥലത്ത് ഒരു വിശ്രമകേന്ദ്രം സ്ഥാപിക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : കരമന-കിള്ളി യാർ മാലിന്യ നിർമ്മാർജ്ജനത്തിനായി 500 കോടി രൂപയുടെ ഒരു പദ്ധതി വിഭാവനം ചെയ്യുകയും 18-01-2012-ന് കൂടിയ മന്ത്രിസഭായോഗം അത് അംഗീകരിക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ നദികൾക്കായുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിക്കുക യുമുണ്ടായി. പദ്ധതിയുടെ സാങ്കേതിക-പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി RITES എന്ന സ്ഥാപനത്തെ ഏൽപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പദ്ധതി പൂർണ്ണരൂപത്തി ലാകുമ്പോൾ കിള്ളിയാറിന്റെ മാലിന്യപ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാ ണ്.

(10) ബാവിക്കരയിൽ റഗുലേറ്റർ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: കടലിൽനിന്ന് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ഉദുമയിലെ മൂളിയാർ പഞ്ചായത്തിൽപ്പെട്ട ബാവിക്കരയിൽ റഗുലേറ്റർ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കാസർഗോഡ് ജില്ലയിലെ ബാവിക്കരയിൽ റഗുലേറ്റർ നിർമ്മിക്കുന്നതിന് 2004-ൽ 258 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ കരാർ ഉപേക്ഷിക്കുകയുണ്ടായി. ശേഷിക്കുന്ന പണികൾക്കായി 820 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയെങ്കിലും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 82 ശതമാനം അധിക നിരക്കിന് ടെണ്ടർ ഉറപ്പിച്ചുനൽകാനുള്ള ടെണ്ടർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരിക്കുകയാണ്. ശുദ്ധജലവിതരണം മുടങ്ങാതിരിക്കാനായി വാട്ടർ അതോറിറ്റി താൽക്കാലിക ബണ്ട് നിർമ്മിച്ച് ജലവിതരണം നടത്തുന്നതാണ്.

(11) കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. സണ്ണി ജോസഫ്: കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കണ്ണൂർ വിമാനത്താവളത്തിനാവശ്യമായ ഭൂമിയുടെ അക്വിസിഷൻ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കിൻഫ്രയുടെ

കൈവശമുള്ള **632.60** ഏക്കർ ഭൂമി ഏക്കറിന് നൂറുരൂപ നിരക്കിൽ അറുപത് വർഷത്തേക്ക് കണ്ണൂർ വിമാനത്താവള കമ്പനിക്ക് പാട്ടത്തിന് നൽകാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. മൂന്നുമാസംകൊണ്ട് പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കാൻ കഴിയുന്നതാണ്. കണ്ണൂർ വിമാനത്താവളത്തിന്റെ ഡിസൈൻ, ഡ്രോയിംഗ് ടെണ്ടർ ഡോക്യുമെന്റ്സ് എന്നിവയുൾപ്പെട്ട വിശദ മായ പ്രോജക്ട് റിപ്പോർട്ട് ഈ ആഗസ്റ്റ് മാസത്തിൽ സമർപ്പിക്കാനാവുമെന്ന് സിയാൽ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ടോട്ടൽ സർവ്വേയും ഫീൽഡ് വർക്കും പൂർത്തിയായിക്കഴിഞ്ഞു. ഓഹരി മൂലധനത്തിൽ പണം മുടക്കാൻ ധാരാളം കമ്പനികൾ ഓഫറുകളുമായി മുന്നോട്ടുവന്നിട്ടുണ്ട്. പ്രൈവറ്റ് ഷെയർ ഉടനെതന്നെ ഇഷ്യൂ ചെയ്യാൻ സാധിക്കുന്നതാണ്. സമയ ബന്ധിതമായി ഇതിന്റെ പ്രവൃത്തികൾ പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(12) ഹാന്റക്സിന്റെ വസ്തുവകകൾ വിറ്റഴിക്കാനുള്ള നീക്കം

ശ്രീ. വി. ശശി: ഹാന്റക്സിന്റെ ഭൂമി ജപ്തി ചെയ്യാനുള്ള നടപടി കൾ നിറുത്തിവയ്ക്കണമെന്ന് സംസ്ഥാന സഹകരണ ബാങ്കിനോട് അഭ്യർത്ഥിക്കാനും ഈ ഭൂമി വിൽക്കുന്നതിൽനിന്ന് ഹാന്റക്സിനെ തട യാനും കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുമുള്ള കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുനരുദ്ധാരണ പദ്ധതിക്കുള്ള കേന്ദ്രസഹായം ലഭ്യമാക്കുന്നതിന്

അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജപ്തിനടപടികൾ നിറുത്തിവയ്ക്കണമെന്ന് സംസ്ഥാന സഹകരണബാങ്കിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. റിവൈവൽ സ്കീം നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. .

(13) കുന്നത്തറ ടെക്സ്റ്റൈൽസ്

ശ്രീ. പുരുഷൻ കടലുണ്ടി: ലിക്വിഡേഷൻ അവസ്ഥയിൽനിന്ന് കുന്നത്തറ ടെക്സ്റ്റൈൽസിനെ രക്ഷിക്കാനും എത്രയുംവേഗം തുറന്നുപ്രവർത്തിപ്പിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇതുസംബന്ധിച്ചുള്ള മീറ്റിംഗ് വിളിച്ചുകൂട്ടിയിട്ടുണ്ട്. പഴയ കാലത്തെ കുറെ കമ്പനികൾ ഫീസിബിളല്ലാതെ പോയി എങ്കിലും ഇപ്പോൾ സ്ഥലത്തിന്റെ വില കൂടിയതിന്റെ ഫലമായി കടം വീട്ടാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി പല കമ്പനികളും വരുന്നുണ്ട്. കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സാദ്ധ്യതകളെ സംബന്ധിച്ച് സീരിയസായി പരിശോധിക്കുന്നതാണ്.

(14) ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം

ശ്രീമതി ഇ. എസ്. ബിജിമോൾ: കാർഷിക സർവ്വകലാശാലാ ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കാർഷിക സർവ്വകലാശാലയിലെ ഫാം തൊഴിലാളികൾക്കായി സർക്കാരിന്റെ പരിഗണനയിലുള്ള ശമ്പള പരിഷ്ക്കരണം ഉത്തരവാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതിനാവശ്യമായ

നടപടി സ്വീകരിക്കുന്നതാണെന്ന് കേരള കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(15) സംഭരിച്ച നെല്ലിന് വില നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ജില്ലയിലുൾപ്പെടെ നെല്ല് സംഭരിച്ച വകയിൽ ഇനിയും കർഷകർക്ക് നൽകേണ്ട കുടിശ്ശിത്തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലിന്റെ താങ്ങുവില 15 രൂപയാക്കുകയും സംഭരണം വ്യാപിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി സംഭരിക്കേണ്ട നെല്ലിന്റെ അളവ് വർദ്ധിക്കുകയുണ്ടായി. ആദ്യത്തെ സീസണിൽ സംഭരിച്ച നെല്ലിന്റെ തുക മുഴുവൻ കൊടുത്തു തീർത്തെങ്കിലും രണ്ടാമത്തെ സീസണിൽ ഉല്പാദനം ഇരട്ടിയായതിനാൽ സംഭരിച്ച നെല്ലിന്റെ മുഴുവൻ തുകയും കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടില്ല. മാർച്ച് മാസം കഴിഞ്ഞാലുടൻ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ പൂർണ്ണമായും കൊടുത്തുതീർക്കുന്നതാണ്.

(16) തളിപ്പറമ്പ് ആസ്ഥാനമായി വിദ്യാഭ്യാസ ജില്ല

ശ്രീ. ജെയിംസ് മാത്യു: തളിപ്പറമ്പ് സൗത്ത്, തളിപ്പറമ്പ് നോർത്ത്, മാടായി, പയ്യന്നൂർ, ഇരിക്കൂർ എന്നീ ഉപ വിദ്യാഭ്യാസ ജില്ലകൾ ഉൾപ്പെടുത്തി തളിപ്പറമ്പ് ആസ്ഥാനമായി ഒരു വിദ്യാഭ്യാസ ജില്ല രൂപീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): പുതിയ തസ്തിക സൃഷ്ടിക്കുന്നതിനും മറ്റുമായി വേണ്ടിവരുന്ന അധിക ബാധ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചശേഷം മാത്രമേ തളിപ്പറമ്പ്

കേന്ദ്രമാക്കി ഒരു വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

(17) വിജിലൻസ് കേസിലെ പ്രതികളെ ഒഴിവാക്കിയത് സംബന്ധിച്ച്

ശ്രീ. എ.കെ. ബാലൻ: 2004-06 കാലഘട്ടത്തിൽ മലബാർ സിമെന്റ്സിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് തൃശ്ശൂർ വിജിലൻസ് കോടതിയിൽ വിചാരണയിലിരിക്കുന്ന കേസ്സിലെ മൂന്ന് പ്രതികളെ കുറ്റപത്രത്തിൽനിന്നും ഒഴിവാക്കി. 22-02-2012-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അത് വിജിലൻസ് കോടതിയിൽ കൊടുത്തിരിക്കുകയുമാണ്. വിചാരണയിലിരിക്കുന്ന കേസ്സിലെ പ്രതികളെ വിചാരണ സമയത്ത് ഒഴിവാക്കാനുള്ള എല്ലാ അധികാരവും കോടതിയിൽ നിലനിൽക്കെ സർക്കാർ ഇവരെ ഒഴിവാക്കിയത് എന്തിനാണെന്ന് വ്യക്തമാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മലബാർ സിമെന്റ്സിലെ അഴിമതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള 5 വിജിലൻസ് കേസ്സുകളിൽ ഒരെണ്ണമൊഴികെയുള്ള കേസ്സുകളിൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസുകളിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായതുകൊണ്ടു മാത്രം മലബാർ സിമന്റ്സിന്റെ എക്സ് ഒഫിഷ്യോ ചെയർമാൻ പദവി ഏറ്റെ ടുത്ത് ജോലി ചെയ്യേണ്ടി വന്ന ശ്രീ. ജോൺ മത്തായിയോ മറ്റ് രണ്ട് സർക്കാർ നോമിനേറ്റഡ് ഡയറക്ടർ ബോർഡ് അംഗങ്ങളോ ഏതെങ്കിലും തരത്തിൽ ക്രമവിരുദ്ധമായി പ്രവർത്തിച്ചൂവെന്ന് ബന്ധപ്പെട്ട കേസിന്റെ രേഖകളിൽ നിന്ന് സർക്കാരിന് കാണാൻ കഴിഞ്ഞിട്ടില്ല. മലബാർ

സിമന്റ്സിൽ വന്ന നഷ്ടം സംബന്ധിച്ച് സർക്കാർ നോമിനേറ്റഡ് ഉദ്യോഗസ്ഥർക്കെതിരെ ചാർജ് ചെയ്യത്തക്ക വിധത്തിലുള്ള ഒരു കുറ്റവും ചെയ്തതായി സർക്കാരിന് ബോധ്യപ്പെട്ടിട്ടില്ല. വിജിലൻസ് ഡയറക്ടറുടെ അഭിപ്രായവും ഈ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ റിമാർക്ക്സും മറ്റ് റിക്കാർഡുകളും വിശദമായി പരിശോധിച്ച് തന്നെയാണ് പ്രസ്തുത കേസുകളിൽ നിന്ന് മേൽപ്പറഞ്ഞ മൂന്ന് ഗവൺമെന്റ് നോമിനേറ്റഡ് ഡയറക്ടർ ബോർഡ് അംഗങ്ങളെ കോടതിയുടെ അനുമതിയോടെ കേസിൽനിന്ന് ഒഴിവാക്കാൻ 22-02-2012-ലെ ജി. ഒ. അനുസരിച്ച് സർക്കാർ നിർദ്ദേശിച്ചത്. പ്രതിപ്പട്ടികയിൽപ്പെടുന്ന കുറ്റക്കാരെന്ന് പ്രഥമദൃഷ്ട്യാ വിജിലൻസ് കണ്ടെത്തിയിട്ടുള്ള ഒരു പ്രതിയേയും കേസ്സിൽനിന്നും ഒഴിവാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടില്ല.

(18) <u>ഇരിങ്ങാലക്കുടയിൽ റവന്യൂ ഡിവിഷണൽ ഓഫീസ്</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> ഭൂവിസ്തൃതിയിലും ജനസംഖ്യയിലും മുന്നിൽ നിൽക്കുന്ന തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ആസ്ഥാനമാക്കി ഒരു റവന്യൂ ഡിവിഷണൽ ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. തിരുഞ്ചൂർ രാധാകൃഷ്ണൻ):</u> ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എന്നിവ പരിശോധിച്ചതിനുശേഷം മാത്രമേ റവന്യൂ ഡിവിഷണൽ ഓഫീസ് അനുവദിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

(19) തീരദേശവാസികൾക്ക് പട്ടയം

ശ്രീമതി ജമീലാ പ്രകാശം: നെയ്യാറ്റിൻകര താലൂക്കിലെ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് സമയബന്ധിതമായി പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നെയ്യാറ്റിൻകര താലൂക്കിലെ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ച ലിസ്റ്റ് പരിശോധിച്ച് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഹാർബർ വകുപ്പിന്റെ അധീനതയിൽപ്പെട്ട വിഴിഞ്ഞം തുറമുഖ പദ്ധതിക്കുസമീപം സ്ഥിതി ചെയ്യുന്ന സ്ഥലമായതിനാൽ വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ പദ്ധതി നടപ്പിലാക്കുന്ന സമയത്ത് പദ്ധതിക്കോ അനുബന്ധ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോ സ്ഥലം അനിവാര്യമായി വരുന്നപക്ഷം വിട്ടുകൊടുക്കാമെന്നുള്ള വ്യവസ്ഥയിൽ കൈവശാവകാശ രേഖ നൽകുന്നതിന് തടസ്സമില്ലെന്ന് തുറമുഖ വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ. അപേക്ഷകരുടെ കൈവശമുള്ള സ്ഥലം അളന്ന് തിരിക്കുന്നതിനും തീരദേശത്തെ സർവ്വേ ചെയ്യാത്ത ഭൂമി സർവ്വേ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എത്രയുംവേഗം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(20) സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി.എൻ. പ്രതാപൻ: സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ രോഗികളിൽനിന്നും അമിതമായി ചികിത്സാഫീസ് ഈടാക്കുന്നത് നിയന്ത്രിക്കുന്നതിനും രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നുവെന്ന് ഉറപ്പുവ

രുത്തുന്നതിനുമായി സമഗ്രമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : 'കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ 2012' നിലവിൽ വരുന്നതോടുകൂടി സ്വകാര്യ അശുപത്രികളുടെമേൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകുകയും ചൂഷണത്തിൽ നിന്ന് സാധാരണക്കാരായ രോഗികളെ വിമുക്തരാക്കുന്നതിന് സാധിക്കുകയും ചെയ്യും.

(21) പന്തല്ലൂർ ക്ഷേത്രം വക ഭൂമി

ശ്രീ. കെ. ടി. ജലീൽ : മലപ്പുറം ജില്ലയിലെ പന്തല്ലൂർ ക്ഷേത്രത്തിന് ലഭിക്കേണ്ട 324.56 ഏക്കർ ഭൂമി ക്ഷേത്രത്തിന് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഏറനാട് താലൂക്കിൽ പന്തല്ലൂർ വില്ലേജിൽപ്പെട്ട പന്തല്ലൂർ ഭഗവതി ക്ഷേത്രം വക ഭൂമി സംബന്ധമായ തർക്കത്തിൽ ഹൈക്കോടതി വിധി പ്രകാരം പരാതിക്കാരനിൽ നിന്ന് റിവിഷൻ പെറ്റിഷൻ സ്വീകരിച്ച് മൂന്ന് മാസത്തിനകം പ്രസ്തുത വിഷയം സംബന്ധിച്ച തീരുമാനം അറിയിക്കണമെന്ന് നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 14-07-2011, 23-07-2011 തീയതികളിൽ അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ കക്ഷികൾക്ക് വാദം കേൾക്കുന്നതിന് അവസരം നൽകുകയുണ്ടായി. ഈ വിഷയത്തിൽ നിയമ വകുപ്പിന്റെ ഉപദേശം ലഭിക്കുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

### (22) സർക്കാർ ആശുപത്രികളുടെ ശോചനീയാവസ്ഥ

ശ്രീ. പി. എ. മാധവൻ : മണലൂർ നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനും വാടാനപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരെ നിയമിക്കുന്നതിനും പ്രൈമറി ഹെൽത്ത് സെന്ററുകളിൽ കിടത്തിച്ചികിൽസ പുനരാരംഭിക്കുന്നതിനും തൈക്കാട് പഞ്ചായത്തിൽ ആയുർവേദ ആശുപത്രി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : മണലൂർ നിയോജകമണ്ഡലത്തിലെ വാടനപ്പള്ളി, തൃത്തല്ലൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ സിവിൽ സർജന്റെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. ഡിസ്പെൻസറികളുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി ആയുഷ് ഫണ്ട്, സ്റ്റേറ്റ് പ്ലാൻ ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തുന്നതാണ്. തൈക്കാട് പഞ്ചായത്തിൽ പണി പൂർത്തിയായിട്ടുള്ള ആയുർവേദ ഡിസ്പെൻസറി തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### (23) കുറ്റിപ്പുറം ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി : കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ആശുപത്രിയുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാനും ട്രോമാ കെയർ യൂണിറ്റ് പ്രവർത്തന സജ്ജമാക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : കോട്ടയ്ക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ താലൂക്ക് ആശുപത്രികളുടെ നിലവാരം അനുസരിച്ച് കിടക്കകൾ 150 ആയി ഉയർത്തേണ്ടതും പുതിയ

വാർഡുകൾ, പുതിയ ഐ.പി.ബ്ലോക്ക്, മേജർ ഓപ്പറേഷൻ തീയറ്റർ, സ്പെഷ്യാലിറ്റി ഒ.പി.കൾ, ആർ.എം.ഒ.ക്വാർട്ടേഴ്സ്, സ്റ്റാഫ് നഴ്സ് ക്വാർട്ടേഴ്സ് എന്നിവ അധികമായി ഏർപ്പെടുത്തേണ്ടതുമുണ്ട്. ട്രോമാ കെയർ യൂണിറ്റ് പ്രവർത്തനസജ്ജമാക്കുന്നതിനായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(24) <u>മൊഗ്രാൽ യുനാനി ആശുപത്രിയുടെ ശോചനീയാവസ്ഥ</u>

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> : കാസർഗോഡ് മൊഗ്രാൽ യൂനാനി ആശുപത്രിയക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന തുക തികയാത്ത സാഹചര്യത്തിൽ രോഗികൾക്ക് മരുന്നുലഭ്യമാക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിനും ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> കാസർഗോഡ് മൊഗ്രാൽ യൂനാനി ആശുപത്രിക്ക് ഔഷധങ്ങൾ വാങ്ങുന്നതിലേക്കായി നടപ്പുസാമ്പത്തിക വർഷം **36,000** രൂപയും എൻ. ആർ.എച്ച്. എം. മുഖേന **50,000** രൂപയും അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടുകൾ മുഖേന രണ്ട് ലക്ഷം രൂപയുടെ ഔഷധങ്ങളും വാങ്ങിയിട്ടുണ്ട്. കിടത്തിച്ചികിത്സയില്ലാത്ത ആശുപത്രിയായതിനാൽ ലാബ് സൗകര്യം ലഭ്യമാക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.

<u>മേശപ്പുറത്തു വയ്ക്കുന്ന കടലാസ്സുകൾ</u>

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

<u>റിപ്പോർട്ട് സമർപ്പണം</u>

ഔദ്യോഗികഭാഷ സംബന്ധിച്ച സമതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

<u>ക്രമപ്രശ്നം</u>

<u>മന്ത്രിമാർ പങ്കെടുക്കുന്ന പരിപാടികളിൽ സ്ഥലം എം.എൽ.എ.മാർക്ക് പരിഗണന</u>

<u>ശ്രീ. സാജു പോൾ</u>: നിയോജകമണ്ഡലങ്ങളിലെ അൺ എയ്ഡഡ്/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരിപാടികൾക്ക് ബഹുമാനപ്പെട്ട മന്ത്രിമാർ വരുമ്പോൾ സ്ഥലം എം.എൽ.എ. മാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവികൾക്കും അർഹമായ പരിഗണന നൽകുന്നതിന് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണം.

<u>റൂളിംഗ്</u>

<u>മി. സ്പീക്കർ:</u> സ്വാശ്രയ/അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ചടങ്ങുകളിൽ ഇത് പ്രാവർത്തികമാക്കുവാൻ കഴിയില്ല. മന്ത്രിമാർ വിവിധ ജില്ലകളിൽ ഔദ്യോഗിക പരിപാടികൾക്ക് എത്തുമ്പോൾ സ്ഥലത്തെ നിയമസഭാ സാമാജികരെ മുൻകൂട്ടി വിവരം അറിയിക്കണമെന്ന് 27-06-2011 -ൽ നൽകിയ റൂളിംഗിൽ എന്തെങ്കിലും വീഴ്ച വരികയാണെങ്കിൽ ചെയർ ഇടപെടുന്നതാണ്.

<u>നിയമനിർമ്മാണകാര്യം</u>

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) <u>2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബില്ലിലെ 2-ാം വകുപ്പിൽ എം.എൽ.എ. മാരുടെ പി.എ. മാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് "not above the rank of a Selection Grade Assistant" എന്നതിനു പകരം "below the rank equivalent to an Under Secretary" എന്ന ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(ii) 2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എം.എൽ.എ. മാരുടെ അലവൻസുകളും യാത്രാബത്തകളും അഞ്ച് വർഷംമുൻപ് നിശ്ചയിച്ചതാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ആനുകൂല്യങ്ങൾ കുറവാണ്. കേരള നിയമസഭയിൽ ഇതിനെക്കുറിച്ച് ചർച്ച വരികയും എം.എൽ.എ. മാർ തന്നെ അവരുടെ ആനുകൂല്യങ്ങൾ തീരുമാനിക്കുന്നു എന്ന വിമർശനത്തെത്തുടർന്ന് ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷനെ നിയോഗിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ ശുപാർശപ്രകാരം തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഇക്കാര്യം അംഗങ്ങളുമായി ചർച്ച ചെയ്തതാണ്.

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.**

**ബിൽ പരിഗണനയ്ക്കെടുത്തു.**

**വകുപ്പുതിരിച്ചുള്ള പരിഗണന**

**2 മുതൽ 10 വരെയുള്ള വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.**

**2 മുതൽ 10 വരെയുള്ള വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.**

**മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.**

**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.**

**2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.**

**ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.**

(iii) <u>2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ.കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : മുൻ എം.എൽ.എ. മാർക്ക് കൊടുക്കേണ്ട പെൻഷനെ സംബന്ധിച്ച ഈ ബില്ലും ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷന്റെ തീരുമാനത്തിന് വിധേയമായിട്ടാണ് കൊണ്ടുവന്നിട്ടുള്ളത്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>3-ാം വകുപ്പ്</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u> : മൂന്നാം വകുപ്പിൽ മുൻ എം.എൽ.എ. മാരുടെ അഡീഷണൽ പെൻഷനുള്ള പ്രായപരിധി 75–85–95 എന്നുള്ളത് 70–80–90 എന്നാക്കി മാറ്റണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : 75 വയസ്സുകഴിഞ്ഞ മുൻ എം. എൽ.എ.യ്ക്ക് 2,500 രൂപയും 85 കഴിഞ്ഞവർക്ക് 3,000 രൂപയും 95 കഴിഞ്ഞവർക്ക് 3,500 രൂപയും അഡീഷണലായി കൊടുക്കാൻ ബില്ലിൽ പ്രൊവിഷൻ. വച്ചിരിക്കുന്ന പ്രായപരിധി 70–80–90 ക്രമത്തിലാക്കണമെന്നതാണ് ഭേദഗതി. സഭയുടെ അംഗീകാരത്തോടെ സ്വീകരിക്കാൻ തയ്യാറാണ്. സാധാരണ പെൻഷന് പുറമെ അഡീഷണൽ ബെനിഫിറ്റായി കിട്ടുന്ന തുകയാണിത്. ഭേദഗതി അംഗീകരിക്കാവുന്നതാണ്.

ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : ഭേദഗതി ചെയ്ത പ്രകാരമുള്ള 2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ.കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

അറിയിപ്പ്

മി. സ്പീക്കർ : സി.പി.ഐ. സംസ്ഥാന സെക്രട്ടറിയും മുൻ നിയമസഭാംഗവും പാർലമെന്റ് അംഗവുമായ സി.കെ. ചന്ദ്രപ്പൻ അന്തരിച്ച വിവരം സഭയെ അറിയിക്കുന്നു.

ധനകാര്യം

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച (തുടർച്ച)

ശ്രീ. കെ. മുരളീധരൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഒട്ടേറെ ജനോപകാരപ്രദമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഒരു രൂപ നിരക്കിൽ 25 കിലോ അരി വീതം നൽകാൻ കഴിഞ്ഞത് ശ്ലാഘനീയമാണ്. സ്മാർട്ട് സിറ്റി, മെട്രോ റെയിൽ, മോണോ റെയിൽ തുടങ്ങിയ വൻകിട പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചത് ശ്രദ്ധേയമാണ്. എല്ലാ ജനവിഭാഗങ്ങളുടെയും താൽപ്പര്യങ്ങൾ സംരക്ഷിച്ച് മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഒരു വർഷംകൊണ്ട് 21000 കോടിയിലധികം രൂപയുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ബഡ്ജറ്റാണിത്. വിദേശ മദ്യത്തിന്റെ സോഷ്യൽ സെക്യൂരിറ്റി സെസ്, സിഗററ്റ്, പാൻമസാല, പ്ലാസ്റ്റിക്ബാഗ് തുടങ്ങിയവയുടെ

നികുതി എന്നിവ വർദ്ധിപ്പിക്കുകയും ഭക്ഷ്യഎണ്ണയ്ക്കും നിത്യോപയോഗ സാധനങ്ങൾക്കുമുള്ള വാറ്റിന്റെ ഒരു ശതമാനം കുറയ്ക്കുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവൺമെന്റ് നടപ്പിലാക്കിയ സർക്കാർ ജീവനക്കാരുടെ പെൻഷൻ ഏകീകരണത്തിലെ പാളിച്ചകൾ തിരുത്തുകയാണ് ഈ ബഡ്ജറ്റിലൂടെ സർക്കാർ ചെയ്തിട്ടുള്ളത്. യുവജനങ്ങളുമായി ചർച്ച ചെയ്ത് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്താനുള്ള പാക്കേജ് പ്രഖ്യാപിക്കണം. സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ഭരണ -പ്രതിപക്ഷ ഭേദമന്യെ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

പ്രൊഫ. സി. രവീന്ദ്രനാഥ് : ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ബഡ്ജറ്റിലൂടെ 1,500 കോടി രൂപയുടെ പരോക്ഷ നികുതിയാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. പരോക്ഷ നികുതിയിലുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വർദ്ധനവുകൾമൂലം 2,500 കോടി രൂപയുടെ അധികബാധ്യത ജനങ്ങളുടെമേൽ വന്നുചേരുകയും തൽഫലമായി വ്യവസായ, നിർമ്മാണ മേഖലകൾ തകരുകയും വിലക്കയറ്റം വർദ്ധിക്കുകയും ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. ഡൊമസ്റ്റിക് പ്രോഡക്റ്റിന്റെ 3.5% വരെ ധനക്കമ്മി ആകാമെന്നും എസ്.ജി.ഡി.പി. 2.7% ശതമാനത്തിൽ നിറുത്തി വരുംവർഷങ്ങളിൽ കുറയ്ക്കാൻ ശ്രമിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ കേരളത്തിന്റെ വികസനത്തിന് പ്രതിബന്ധമായി മാറുമെന്നതിൽ തർക്കമില്ല. സർക്കാർ നിക്ഷേപത്തിൽ കുറവ് ഉണ്ടാകുമ്പോൾ പി.പി.പി.ക്ക് കടന്നുവരാനുള്ള അവസരം ഉണ്ടാകുകയും അത് ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുകയും ചെയ്യും. മണ്ണുത്തി- ഇടപ്പള്ളി ദേശീയ പാതയിലെ ടോൾ പ്ലാസയിലെ അമിത ടോൾ പിരിവ് അവസാനിപ്പിക്കണം. കോർപ്പറേറ്റ് നികു

തിയും ക്യാപ്പിറ്റൽ ഗെയിൻ ടാക്സും പ്രത്യക്ഷനികുതിയും വർദ്ധിപ്പിച്ച് ആഭ്യന്തര സോഴ്സുകൾ ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ റോഡുകൾ വികസിപ്പിക്കാൻ കഴിയും. കാർഷിക സംസ്ക്കാരത്തിൽനിന്ന് കാർഷിക വ്യവസായത്തിലേക്കുള്ള മാറ്റത്തിന്റെ സൂചനകളാണ് ബഡ്ജറ്റി ലൂടെ ദൃശ്യമാകുന്നത്. സബ്സിഡികളെല്ലാം വെട്ടിച്ചുരുക്കിയതുമൂലം കാർഷിക മേഖല തകർന്നിരിക്കുകയാണ്. പരമ്പരാഗത-ചെറുകിട-ചില്ലറ വ്യാപാര മേഖലകൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകണം. പെൻഷൻപ്രായം വർദ്ധിപ്പിക്കുന്നതിലൂടെ തൊഴിൽസാദ്ധ്യത കുറയുകയും ഗുരുതരമായ പ്രതിസന്ധിയിലേക്ക് നയിക്കുകയും ചെയ്യും. പൊതുവിത രണ ശൃംഖല ശക്തിപ്പെടുത്തണം. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണുകയും സാങ്കേതികവിദ്യ വർദ്ധി ക്കുന്നതനുസരിച്ചുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചതും നാളി കേര ഉത്പാദക സംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചതും തെങ്ങിൻ ചങ്ങാതി കൂട്ടങ്ങളിൽ പരിശീലനം നേടിയിട്ടുള്ളവർക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്നതും സ്വാഗതാർഹമായ നിർദ്ദേശങ്ങളാണ്. ബയോപാർക്ക് സ്ഥാപിക്കാനും കോഴിക്കോട് അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയ നടപടി അഭിനന്ദനീ യമാണ്. പിന്നോക്ക സമുദായത്തിലെ അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഫീസിളവ്, ലംപ്സം ഗ്രാന്റ് മുതലായവയ്ക്കും പിന്നോക്ക വികസന കോർപ്പറേഷന്റെ പ്രവർത്തനത്തിനും മുന്നോക്ക വിഭാഗങ്ങളിലെ പാവപ്പെട്ടവരുടെ ഉന്നമനത്തിനും തുക വകയിരുത്തിയത് ശ്രദ്ധേയമാണ്.

മുന്നോക്ക സമുദായ വികസന കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള പ്രഖ്യാപനം മഹത്തരമാണ്. കേരള വഖഫ് ബോർഡിന് കൂടുതൽ ആനുകൂല്യങ്ങൾ നൽകണം. എസ്.സി. വിഭാഗത്തിൽപ്പെട്ട വിധവകളുടെ മക്കൾക്ക് 50,000 രൂപ വിവാഹ ധനസഹായം, നിയോജകമണ്ഡലാടിസ്ഥാനത്തിൽ ആസ്തി വികസന ഫണ്ട് രൂപീകരിക്കാനുള്ള തീരുമാനം എന്നിവ ആശാവഹമാണ്. സംസ്ഥാനത്ത് നടക്കുന്ന വികസനപ്രവർത്തനങ്ങൾക്ക് അനുകൂലമായ സമീപനം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകണം. വലിയ താലൂക്കുകൾ വിഭജിക്കാനും പുതിയ വില്ലേജുകൾ രൂപീകരിക്കാനും കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കാനും താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും കൂടുതൽ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കാനും നടപടി സ്വീകരിക്കണം. വികസനനേട്ടങ്ങൾ ലക്ഷ്യം വച്ചുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. റോഷി അഗസ്റ്റിൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദീർഘവീക്ഷണത്തോടുകൂടിയ വികസന പ്രഖ്യാപനങ്ങൾ അടങ്ങുന്നതാണ് ഈ ബഡ്ജറ്റ്. പെൻഷൻ പ്രായം ഉയർത്തിയതുമൂലം ഒരാൾക്കും തൊഴിലവസരം നഷ്ടപ്പെടില്ലെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. ക്യാൻസർ, കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങൾ ബാധിച്ചവർക്കും എൺപത് ശതമാനത്തിലധികം അംഗവൈകല്യമുള്ളവർക്കുമുള്ള പെൻഷൻ തുക വർദ്ധിപ്പിച്ചതും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വൃക്ക രോഗികൾക്ക് പെൻഷൻ അനുവദിച്ചതും സ്വാഗതാർഹമാണ്. ആശുപതികളിൽനിന്നും വാങ്ങുന്ന മരുന്നുകളെ നികുതിയിൽ നിന്നും ഒഴിവാക്കിയതും കൃത്രിമ ഹൃദയ വാൽവിനുള്ള

നികുതി പിൻവലിച്ചതും എടുത്തുപറയേണ്ടതാണ്. പുകയില ഉൽപ്പന്ന ങ്ങൾക്കുള്ള നികുതി വർദ്ധിപ്പിച്ചും വിദേശമദ്യത്തിനുമേൽ ഈടാക്കിയി രുന്ന സാമൂഹ്യ സുരക്ഷാ സെസ്സ് വർദ്ധിപ്പിച്ചും സാധാരണക്കാരെ ബാധി ക്കാത്ത നികുതി വർദ്ധനവാണ് പ്രഖ്യാപിച്ചിട്ടുള്ളത്. നെൽകൃഷിക്ക് മാത്ര മായി 50 കോടി രൂപയും കേരളത്തിന്റെ ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി ഉൽപാദന വർദ്ധനവിനായി സംയോജിത കാർഷിക വികസന പദ്ധതിക്കു വേണ്ടി 100 കോടി രൂപയും വകയിരുത്തിയിരിക്കുന്നത് അഭിനന്ദനാർഹമാ ണ്. നാളികേര കൃഷി ലാഭകരമാക്കാനും കർഷകർക്ക് ന്യായവില ഉറപ്പാ ക്കാനും സമഗ്ര നാളികേര വികസന പദ്ധതി പ്രഖ്യാപിച്ചു. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 10 കോടി രൂപ വകയിരുത്തിയത് ശ്ലാഘനീയ മാണ്. ക്ഷീര കാർഷിക മേഖലയുടെ സ്വയംപര്യാപ്തത ലക്ഷ്യം വച്ച് 35 കോടി രൂപയുടെ പദ്ധതിയുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. മുല്ലപ്പെരി യാർ ഡാമിനുതാഴെ സംരക്ഷണ ഡാം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ ചെല വിനായി തുക മാറ്റിവച്ചതും കോവിൽമല രാജമന്നന് രാജധാനി പണിയുന്ന തിന് 20 ലക്ഷം രൂപ മാറ്റി വച്ചതും അഭിനന്ദനാർഹമാണ്. അന്ധ-ബധിര- മൂക വിദ്യാർത്ഥികൾ പഠിക്കുന്ന അൺഎയ്ഡഡ് സ്ക്കൂളുകളെ എയ്ഡഡ് വിഭാഗത്തിലേയ്ക്ക് മാറ്റാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ബുദ്ധി മാന്ദ്യം സംഭവിച്ച കുട്ടികളെ പരിശീലിപ്പിക്കുന്ന സ്പെഷ്യൽ സ്ക്കൂളുകളെ ക്കൂടി എയ്ഡഡ് പദവിയിലേക്ക് മാറ്റാനും അവർക്കുള്ള ഗ്രാന്റ് ഉയർത്താ നും സ്പെഷ്യൽ സ്ക്കൂളിന്റെ ശീർഷകത്തിൽ ബുദ്ധിവൈകല്യമുള്ള കുട്ടി കളെ പഠിപ്പിക്കുന്ന സ്ക്കൂളുകളെക്കൂടി ഉൾപ്പെടുത്താനും നടപടി സ്വീക

രിക്കണം. വന്യമൃഗ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ കുടുംബാംഗ ങ്ങൾക്ക് നൽകുന്ന ധനസഹായം അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നികുതി വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. സർക്കാർ ജീവനക്കാർക്ക് ഫുൾ പെൻഷൻ കിട്ടുന്നതിനുള്ള കാലാവധി 28 വർഷമായി കുറയ്ക്കാനും സീനിയർ പത്രപ്രവർത്തകർക്കനുവദിച്ച പെൻഷൻ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. വിശ്വകർമ്മ സമുദായ ത്തിൽപ്പെട്ട തൊഴിലാളികൾക്കുകൂടി പഞ്ചായത്തുവഴി പ്രത്യേക പെൻഷൻ പദ്ധതി നടപ്പിലാക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിൽ കൊല്ലം ജില്ലയെ അവഗണിച്ചിരിക്കുകയാണ്. സാധാരണക്കാരുടെമേൽ നികുതിഭാരം അടിച്ചേൽപ്പിക്കാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. കാർഷിക-വ്യാവസായിക മേഖലയേയും എസ്.സി./എസ്.റ്റി. വിഭാഗ ത്തേയും ഈ ബഡ്ജറ്റിൽ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. എസ്.സി./എസ്.റ്റി., ആദിവാസി മേഖലയ്ക്കായി അനുവദിച്ച ഫണ്ട് പൂർണ്ണമായും ചെലവഴിക്കണം. കശുവണ്ടി, കയർ തുടങ്ങിയ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്നവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കണം. മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിന് ബഡ്ജറ്റിൽ തുക വകകൊ ള്ളിക്കാത്തത് ഖേദകരമാണ്. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തിയ നടപടി പിൻവലിക്കണം.

<u>ശ്രീ. ടി.എൻ. പ്രതാപൻ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അവശ ജ നവിഭാഗങ്ങൾക്കും ആലംബഹീനർക്കും അഭയമേകുന്നതും സാധാരണക്കാ രന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഒരു മാർഗ്ഗരേഖയുമാണ് ഈ

ബഡ്ജറ്റ്. തകർന്നുകൊണ്ടിരുന്ന കാർഷിക മേഖലയെ പുരോഗതിയിലേക്ക് കൊണ്ടുവരാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. വിവധ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. കൃഷി, മൃഗസംരക്ഷണം, ഡയറി ഡെവലപ്മെന്റ്, ഫിഷറീസ് തുടങ്ങി എല്ലാ സെക്ടറുകളേയും യോജിപ്പിച്ചുകൊണ്ട് 'നിറവ്' എന്ന പേരിൽ ആരംഭിച്ച മാതൃകാ കാർഷിക പദ്ധതി കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യാപിപ്പിക്കണം. കൃഷിക്കാവശ്യമായ ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും മേജർ ഇറിഗേഷൻ പദ്ധതികളും കാലോചിതമായി പരിഷ്ക്കരിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് പെൻഷൻ പ്രായം ഏകീകരിച്ചതുമായി ഉണ്ടായിട്ടുളള ബുദ്ധിമുട്ടുകൾ പരിഹരിക്കാനാണ് പെൻഷൻ പ്രായം 56 ആക്കി നിജപ്പെടുത്തിയിട്ടുള്ളത്. പെൻഷൻ പ്രായവർദ്ധനവിന്റെ കാര്യത്തിലുള്ള പ്രതിപക്ഷത്തിന്റെ ഇരട്ടത്താപ്പ് നയം അവസാനിപ്പിക്കണം. സപ്തധാര പദ്ധതിയിലെ 'പൊയ്യ പൈതൃക മൽസ്യഗ്രാമം പദ്ധതി'ക്ക് ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുന്നതിനും കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും ത്രിതല പഞ്ചായത്തുകളിലേയും അംഗങ്ങൾക്ക് ഒരു പുതിയ ഇൻഷ്വറൻസ് സ്കീം കൊണ്ടുവരുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. കെ.രാധാകൃഷ്ണൻ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പാവപ്പെട്ടവരെ ദ്രോഹിക്കുന്ന തരത്തിലുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും എല്ലാം തകർക്കാനു

ളള ശ്രമമാണ് നടത്തുന്നത്. ഈ സർക്കാർ തൃശ്ശൂർ ജില്ലയെ അവഗണിച്ചിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യകൾ വർദ്ധിച്ചിരിക്കുകയാണ്. കർഷകത്തൊഴിലാളികളുടെ ക്ഷേമ പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് ഈ ബഡ്ജറ്റിൽ യാതൊരു നിർദ്ദേശവുമില്ലാത്തത് ദുഖകരമാണ്. ഈ ഗവൺമെന്റ് പാവപ്പെട്ടവരേയും കർഷകരേയും മറന്നുകൊണ്ടുള്ള സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച പല ക്ഷേമപദ്ധതികളും പാതിവഴിയിൽ ഉപേക്ഷിക്കുന്ന നിലപാട് അവസാനിപ്പിക്കണം. അവശേഷിക്കുന്ന ഗഡുകൂടി നൽകി സമ്പൂർണ്ണ പാർപ്പിട പദ്ധതി പൂർത്തിയാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. കുടിവെള്ള ദൗർലഭ്യം പരിഹരിക്കാനുതകുന്ന യാതൊരു നിർദ്ദേശവും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല എന്നുള്ളത് നിരാശാജനകമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച ജലസുരക്ഷാ പദ്ധതിയും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയും പൂർണ്ണതോതിൽ നടപ്പിലാക്കാനാവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവയ്ക്കണം.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കാർഷിക-ഗ്രാമീണ വികസനത്തിനും പിന്നോക്ക-ന്യൂനപക്ഷ ക്ഷേമത്തിനും ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള യൂണിവേഴ്സിറ്റികളിൽ പഠനം സാധ്യമാക്കുന്നതിന് അവസരമൊരുക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നതിനെ വിമർശിക്കുന്നത് ദൗർഭാഗ്യകരമാണ്. കാർഷിക മേഖലയുടെ വികസനത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയത് കർഷകർക്ക് ആശ്വാസം നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ബഡ്ജറ്റിൽ മുന്തിയ പരിഗണന നൽകിയതും തീരദേശ റോഡുകൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയതും അഭിനന്ദനാർഹമാണ്. ഭൂരഹിതരില്ലാത്ത കേരളമാണ് ഈ സർക്കാരിന്റെ ലക്ഷ്യം. മാലിന്യ സംസ്ക്കരണ പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തിയത് മാലിന്യ നിർമ്മാർജ്ജനത്തിന് സഹാ യകമാകും. ദീർഘവീക്ഷണത്തോടെയും പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാൽ വ്യാവ സായിക മേഖലയിൽ നേട്ടമുണ്ടാക്കാൻ സാധിക്കും. ഗുണമേന്മയുള്ള റോഡ്, ഗതാഗത സംവിധാനം എന്നിവ യാഥാർത്ഥ്യമാകുന്നതോടുകൂടി സംസ്ഥാനത്തിന്റെ മുഖച്ഛായതന്നെ മാറും. വിദ്യാഭ്യാസ രംഗത്ത് സർക്കാരെടുത്ത ധീരമായ തീരുമാനങ്ങൾ അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ സ്കൂളുകളേയും അന്തർദ്ദേശീയ നിലവാരത്തിൽ ആധുനികവൽക്കരിക്കാനുള്ള പ്രവർത്തനങ്ങളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്ത് ഒരു അറബി സർവ്വകലാശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്താതെ പെൻഷൻ പ്രായം ഉയർത്തിയ നടപടി ശ്ലാഘനീയമാണ്.

ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും വികലാംഗ പെൻഷൻ വർദ്ധിപ്പിച്ചതും പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. കാസർഗോഡ് ഉൾപ്പടെയുള്ള പിന്നോക്ക ജില്ലകളിൽ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്.

പിന്നോക്ക ജില്ലയായ കാസർഗോഡിന് പ്രത്യേക പരിഗണന നൽകുകയും മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനത്തിന് സംസ്ഥാന വിഹിതം അനുവദിക്കുകയും വേണം. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഉപ്പള ആസ്ഥാനമാക്കി ഒരു ഉറുദു അക്കാദമി സ്ഥാപിക്കണം. മഞ്ചേശ്വരത്തെ ഉപ്പള, കുമ്പള തുടങ്ങിയ റെയിൽവേ മേൽപ്പാലങ്ങൾ പണിയുന്നതിന് തുക വകയിരുത്തണം.

ശ്രീ. പാലോട് രവി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ധന സംരക്ഷണവും ധനവിനിമയവും ബുദ്ധിപൂർവ്വം നടത്താൻ കഴിയുന്ന ഒരു ഗ്രോത്ത് ഓറിയന്റഡ് ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാ നത്തിന്റെ മുഖച്ഛായ മാറ്റുന്ന വൻകിട പദ്ധതികളാണ് മോണോ റെയിൽ, മെട്രോ റെയിൽ, ടെക്നോ സിറ്റി തുടങ്ങിയവ. കെൽട്രോൺ വികസന ത്തിനും ടെക്നോ സിറ്റിക്കും തുക അനുവദിച്ചത് സ്വാഗതാർഹമാണ്. ദീർഘവീക്ഷണത്തോടെ മോഡേൺ അഗ്രിക്കൾച്ചർ സിസ്റ്റത്തിലേക്കുള്ള പദ്ധതികളാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഗ്രീൻ ഹൗസ് പദ്ധതി കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും വ്യാപിപ്പിക്കുമെന്ന പ്രഖ്യാ പനം സ്വാഗതാർഹമാണ്. കാർഷിക രംഗത്ത് സുസ്ഥിരമായ സാങ്കേതിക അടിത്തറയും വികസനവും സാദ്ധ്യമാക്കാൻ കാർഷിക എഞ്ചിനീയറിംഗ് വകുപ്പ് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. തലസ്ഥാന ജില്ലയുടെ സമഗ്ര വികസനത്തിനായി രൂപം നൽകിയ പദ്ധതികളും ആറ്റുകാൽ ടൗൺഷിപ്പിന് 25 കോടി രൂപ അനുവദിച്ചതും സ്വാഗതാർഹമാണ്. വാറ്റ് കളക്ട് ചെയ്യാൻ സഹായിക്കുന്ന ചെറുകിട കച്ചവടക്കാരുടെ പെൻഷൻ 500 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. കരമന-കളിയിക്കാ

വിള റോഡ് വികസനത്തിന് സ്ഥലമേറ്റെടുക്കാൻ പ്രത്യേക ഫണ്ട് അനുവദിക്കണം. തയ്യൽത്തൊഴിലാളികളോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ബഡ്ജറ്റിനെ എതിർക്കുന്നു. 1512 കോടി രൂപയുടെ അധിക നികുതി അടിച്ചേൽപ്പിക്കുന്ന ജനവിരുദ്ധ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. 110 രൂപയായിരുന്ന ക്ഷേമ പെൻഷനുകൾ മുൻ ഗവൺമെന്റ് 5 കൊല്ലം കൊണ്ട് 400 രൂപയായി വർദ്ധിപ്പിക്കുകയും അടുത്ത അഞ്ച് കൊല്ലംകൊണ്ട് അനുക്രമമായി 1,000 രൂപയിൽ എത്തിക്കാൻ തീരുമാനിച്ചിരുന്നതുമാണ്. എന്നാൽ ഈ ബഡ്ജറ്റിൽ തൊഴിലാളി ക്ഷേമ പെൻഷനുകളിൽ ഒരു വർദ്ധനവും വരുത്തിയിട്ടില്ല. അഗതി-വിധവ-വാർദ്ധക്യകാല പെൻഷനുകൾ 525 രൂപയാക്കിയത് സ്വാഗതാർഹമാണ്. കർഷക ആത്മഹത്യ തടയാൻ ബഡ്ജറ്റിൽ നിർദ്ദേശം വയ്ക്കാതെ വയനാട്ടിൽ വിമാനത്താവളം സ്ഥാപിക്കുമെന്ന പ്രഖ്യാപനം അപഹാസ്യമാണ്. എൽ.ഡി.എഫ്.-ന്റെ കാലത്ത് നടപടികളാരംഭിച്ച വൈദ്യുതി പദ്ധതികളല്ലാതെ പുതിയ പദ്ധതികളെക്കുറിച്ചൊന്നും ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. കർഷക ആത്മഹത്യകൾ തടയാൻ ഹൈടെക് കൃഷിയെപ്പറ്റി പറയേണ്ടിവരുന്നത് നമ്മുടെ മണ്ണിന് അനുഗുണമാണോയെന്ന് പഠിക്കേണ്ടതുണ്ട്. കൃഷിക്കാരെ കടക്കെണിയിൽനിന്ന് രക്ഷിക്കുന്നതിനും അവർക്ക് പലിശരഹിത വായ്പ ലഭ്യമാക്കുന്നതിനും തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും ബഡ്ജറ്റിൽ ഒരു നിർദ്ദേശവും ഇല്ലാത്തത് ഖേദകരമാണ്. പാവപ്പെട്ടവരെ സഹായിക്കാൻ ബഡ്ജറ്റിലൂടെ ഒരു ശ്രമവും നടത്താതെ അവർക്ക് പ്രത്യാശ നൽകുക മാത്രമയാണ് ചെയ്തിട്ടുള്ളത്.

പെൻഷൻ പ്രായം 56 ആക്കി ഉയർത്തിയതിന്റെ ഫലമായി പതിനായിരക്കണക്കിന് ചെറുപ്പക്കാർക്കാണ് തൊഴിലവസരങ്ങൾ നിഷേധിക്കപ്പെടുന്നത്. ഈ വിഷയത്തിൽ യുവജന പ്രതിനിധികളെ വിളിച്ചുകൂട്ടി ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പിറവം ഉപതെരഞ്ഞെടുപ്പ് ഗവൺമെന്റിനെക്കുറിച്ചുള്ള വിലയിരുത്തലായിരിക്കുമെന്നുള്ള പ്രതിപക്ഷത്തിന്റെ വെല്ലുവിളി സ്വീകരിക്കുകയും ഉജ്ജ്വല വിജയം നേടുകയും ചെയ്തതിനെ അംഗീകരിക്കാൻ തയ്യാറാകണം. തെറ്റായ പ്രചരണങ്ങൾ നടത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രതിപക്ഷത്തിന്റെ നിലപാടിൽ എതിർപ്പ് രേഖപ്പെടുത്തുകയാണ്.

തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക ഈ ഗവൺമെന്റാണ് കൊടുത്തുതീർത്തത്. എൽ. ഡി. എഫ്. ഗവൺമെന്റ് കർഷകത്തൊഴിലാളി പെൻഷൻ 400 രൂപയാക്കി പ്രഖ്യാപിച്ചെങ്കിലും 300 രൂപവച്ച് കൊടുക്കാൻ പര്യാപ്തമായ തുകമാത്രമേ ബഡ്ജറ്റിൽ ഉണ്ടായിരുന്നുള്ളൂ. 2012 മാർച്ച് 31 ന് ഡ്യൂ ആകുന്ന പെൻഷൻ 15-ാം തീയതിക്ക് മുൻപ് ജി.ഒ. ഇറക്കി കൊടുത്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാതിരുന്നതുകൊണ്ട് ഉണ്ടായിട്ടുള്ള പോരായ്മ തിരുത്തി വരും

വർഷത്തേക്ക് ഇൻകം സപ്പോർട്ട് സ്കീമിനുവേണ്ടി 75 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കൂടുതൽ പച്ചക്കറി ഉൽപാദിപ്പിക്കണം എന്ന ലക്ഷ്യത്തോടുകൂടിയാണ് ഹൈടെക് കൃഷി രീതി തരിശുഭൂമിയിലെല്ലാം നടപ്പിലാക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പിറവം ഉപതെരഞ്ഞെടുപ്പിൽ തോൽവി സംഭവിച്ചപ്പോൾ യു.ഡി.എഫ്. മദ്യമൊഴുക്കി നേടിയ വിജയമാണെന്നുള്ള ആക്ഷേപം പ്രതിപക്ഷം ഉന്നയിക്കുന്നത് നിർഭാഗ്യകരമാണ്. ജനാധിപത്യത്തിൽ ഉണ്ടാകുന്ന ജയവും തോൽവിയും അംഗീകരിക്കാനും അതിലെ അനുഭവങ്ങൾ പാഠമാക്കി തെറ്റുകൾ തിരുത്തി മുന്നോട്ട് പോകാനുമാണ് ശ്രമിക്കേണ്ടത്. പിറവം ഉപതെരഞ്ഞെടുപ്പിലെ വിജയം സർക്കാരിന്റെ ഉത്തരവാദിത്തബോധം ഉയർത്തിയിരിക്കുകയാണ്. ഈ സർക്കാർ വികലാംഗർക്ക് പ്രത്യേക പരിഗണന നൽകുകയും ബധിരരും മൂകരും മാനസികമായി വെല്ലുവിളികൾ നേരിടുന്നവരുമായ കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കി മാറ്റുകയും ചെയ്തു. ഹൈടെക് കൃഷിരീതിക്കും അടിസ്ഥാന സൗകര്യ വികസനത്തിനും ബഡ്ജറ്റിൽ ഊന്നൽ നൽകുന്നതോടൊപ്പം സമൂഹത്തിൽ അവശതയനുഭവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വികസനവും കരുതലുമെന്ന നയം വാക്കുകളിലും പ്രവർത്തിയിലും നിലനിർത്തി ഈ സർക്കാർ മുന്നോട്ടുപോകുമെന്ന് ഉറപ്പുനൽകുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.മാണി) : ബഡ്ജറ്റിൻമേലുള്ള ചർച്ചയിൽ ഉയർന്നുവന്നിട്ടുള്ള ക്രിയാത്മ കമായ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്. സമസ്ത മേഖല കളുടേയും നിലവാര വർദ്ധന, അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ വൈദഗ്ദ്ധ്യ വികസനം, സ്വയംസംരംഭകത്വ വികസനം, നൂതന സാങ്കേതിക വിദ്യകളുടെ സാംശീകരണം, മൂലധന നിക്ഷേപ വർദ്ധന, പബ്ലിക് - പ്രൈവറ്റ് പങ്കാളിത്തം എന്നിവയിലൂടെ ത്വരിത വികസനത്തിലേക്ക് സംസ്ഥാ നത്തെ നയിക്കുകയെന്നതാണ് ഈ ബഡ്ജറ്റിന്റെ ലക്ഷ്യം. നൂതന സാങ്കേ തിക വിദ്യകൾ അബ്സോർബ് ചെയ്ത് ഇന്നവേഷൻ മിഷൻ, സെന്റർ ഫോർ പോളിസി റിസർച്ച്, കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുമെന്ന പ്രഖ്യാപനം കേരളത്തിന്റെ സമസ്ത മേഖലക ളിലേയും നിലവാരമുയർത്തുകയെന്ന ഉദ്ദേശത്തോടുകൂടിയാണ്. വയനാട്, ഇടുക്കി ജില്ലകളിൽ വിമാനത്താവളം, എല്ലാ ജില്ലകളിലും എയർസ്ട്രിപ്, ഹൈസ്പീഡ് റെയിൽവേ, പേഴ്സണൽ റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം, മെട്രോ - മോണോ റെയിൽ, റോഡ് പ്രോജക്ട്സ്, വിഴിഞ്ഞം പദ്ധതി ഇവ യെല്ലാം ഊന്നൽ നൽകുന്നത് അടിസ്ഥാന സൗകര്യ വികസനത്തിനാണ്. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച് ഇപ്പോൾ നടന്നുവരുന്ന എന്റർപ്രണുവറൽ മിഷൻ മുഖേന പതിനാല് ജില്ലകളിലും 50000 പേരെ റിക്രൂട്ട് ചെയ്ത് സംഘടന രൂപീകരിച്ച് 20 ലക്ഷം രൂപ മുതൽമുടക്കിൽ ആറുലക്ഷം പേരെ സംരംഭകരാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുകയാണ്. ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള സ്കിൽ അപ്ഗ്രഡേഷൻ പദ്ധതിയിലൂടെ സംസ്ഥാനത്തെ യുവജനങ്ങൾക്ക് തൊഴിൽ ഉറപ്പാക്കാനാണ് ശ്രമിക്കുന്നത്. പി.പി.പി.

മോഡലിൽ മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള അനവധി സ്ഥാപ നങ്ങൾ വരുന്നതോടെ സാമൂഹിക രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. ഹൈടെക് കൃഷിരീതി എക്സ്ട്രീം ക്ലൈമറ്റുളളയിടങ്ങളിൽ സാധ്യമാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇത് പ്രാവർത്തികമാ യാൽ അഭ്യസ്ത വിദ്യരായ യുവജനങ്ങളെ ഈ മേഖലയിൽ ആകർഷി ക്കാൻ കഴിയും. മൂവായിരത്തോളം ഗ്രീൻ ഹൗസസ് ഉണ്ടായിക്കഴിഞ്ഞാൽ മൂന്നുവർഷം കഴിയുമ്പോൾ കേരളത്തിന്റെ കാർഷിക മേഖലയിൽ കാത ലായ മാറ്റമുണ്ടാകും. തെന്നിന്ത്യൻ സംസ്ഥാനങ്ങളിൽവച്ച് ജി.ഡി.പി. റേഷ്യോ ഏറ്റവും കൂടുതലുളളത് കേരളത്തിനാണ്. ഫിസ്കൽ ഡെഫിസിറ്റ് കുറച്ചു നിർത്തിയത് കുറ്റമായി കാണുന്ന പ്രതിപക്ഷം അതിന്റെ യഥാർത്ഥ വശങ്ങൾകൂടി മനസ്സിലാക്കാൻ ശ്രമിക്കാത്തത് ഖേദകരമാണ്. സംസ്ഥാ നത്ത് ഒരു ലക്ഷം കോടി രൂപയുടെ വൻകിട പദ്ധതികൾ ആവിഷ്ക്കരിക്കു ന്നത് സംബന്ധിച്ച ചർച്ചകൾ ഉടനെ ആരംഭിക്കുന്നതാണ്. കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ സർക്കാർ ജീവനക്കാരുടെ വിരമിക്കൽ തീയതി ഏകീകരണ പദ്ധതിയിലെ പോരായ്മകൾ പരിഹരിച്ച് പെൻഷൻ പ്രായം 56 ആക്കി യതിന്റെ ഫലമായി ചെറുപ്പക്കാർക്ക് തൊഴിലവസരം നഷ്ടപ്പെടുകയില്ല. 2012 മാർച്ച് 31-ന് ജീവനക്കാർ റിട്ടയർ ചെയ്യുമ്പോൾ വരുന്ന ഒഴിവുകൾ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുമെന്ന സർക്കാ രിന്റെ നിലപാട് പ്രതിപക്ഷം കണ്ടില്ലെന്നു നടിക്കരുത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഏകദേശം മൂവായിരത്തോളം സൂപ്പർ ന്യൂമററി തസ്തിക കൾ സൃഷ്ടിച്ചിട്ടുണ്ട്. മാർച്ച് മാസത്തിൽ റിട്ടയർ ചെയ്യേണ്ടിയിരുന്ന 13,678 പേരിൽ 10,686 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ആവശ്യപ്പെട്ടിരിക്കുകയാണ്.

ബാക്കിയുള്ള 2,992 പോസ്റ്റുകളിലേക്കുള്ള സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിന് വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകുന്ന ഓർഡർ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർക്കാർ സർവ്വീസിൽനിന്ന് 13678 പേർ മാർച്ച് 31-ാം തീയതി കൂട്ടവിരമിക്കൽമൂലം പോകാനിരുന്നതിൽ നേരത്തെത്തന്നെ 10000 പേരുടെ ലിസ്റ്റ് പി.എസ്.സി.യിൽനിന്നും ആവശ്യ പ്പെട്ടിട്ടുണ്ട്. ഇന്നലെ കൂടിയ ക്യാബിനറ്റ് യോഗം വെരിഫൈ ചെയ്തപ്പോൾ മാർച്ച് 31-ാം തീയതി കൂട്ടവിരമിക്കൽ നടക്കുമായിരുന്നുവെങ്കിൽ ഒഴിവ് വരാവുന്ന 2,992 പോസ്റ്റുകൾകൂടി പി.എസ്.സി.യെ അറിയിച്ചിരിക്കുകയാ ണ്. വളരെയധികം പഠനം നടത്തി ആർക്കും ബുദ്ധിമുട്ട് വരാത്ത വിധ ത്തിലാണ് ഇത്തരത്തിൽ ഒരു തീരുമാനം എടുത്തത്. ഇപ്പോഴുള്ള പി.എസ്. സി. ലിസ്റ്റ് നിലനിൽക്കുന്നത് തന്നെ ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തി കൊണ്ടാണ്.

ശ്രീ. കെ. എം. മാണി : കേരളത്തിലെ യുവജനങ്ങൾക്ക് കിട്ടുമായി രുന്ന ജോലി ഈ ഗവൺമെന്റ് ഉറപ്പാക്കിയിരിക്കുന്നതിനുപുറമെ പി.എസ്. സി.യിൽ അപേക്ഷിക്കുന്നതിനുള്ള പ്രായം ഒരു വയസ്സ് കൂടി വർദ്ധിപ്പിച്ച് 36 വയസ്സാക്കിയിരിക്കുയാണ്. അധ്യാപകർക്ക് വേണമെങ്കിൽ വി.ആർ.എ സ്.-ഉം ലീവ് വിത്തൗട്ട് അലവൻസും എടുക്കാമെന്നുള്ള ഉദാര സമീപനം സ്വീകരിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് അനുശാസിക്കുന്ന മാന ദണ്ഡ പ്രകാരം യു.പി. സ്കൂളുകളും ഹൈസ്കൂളുകളും ഈ വർഷം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സർക്കാർ ആശുപത്രികളിൽ

ഡോക്ടർമാർ, നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ, അറ്റൻഡർ എന്നിവർ ഉൾപ്പെടെ 1000 പോസ്റ്റുകൾ പുതുതായി സൃഷ്ടിക്കുകയാണ്. ഗ്രിഡ് കണക്റ്റഡ് സോളാർ സ്കീം നടപ്പിലാക്കാൻ 10 കോടി രൂപയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സെൻട്രൽ അക്കാദമിക് സയൻസ് ലൈബ്രറി ആന്റ് അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്ക് നിർമ്മിക്കുവാൻ 3 കോടി രൂപയും അനുവദിക്കുകയാണ്. 267 സ്കൂളുകളിൽ പഠിക്കുന്ന മെന്റലി ചലഞ്ച്ഡ് ആയിട്ടുള്ള ഓരോ വിദ്യാർത്ഥിക്കും 2,000 രൂപ വീതം ഗ്രാന്റ് നൽകുന്നതാണ്. മുസ്ലീം, നാടാർ സമുദായങ്ങളിൽപ്പെട്ട പെൺകുട്ടികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ സ്ക്കോളർഷിപ്പ് 500 രൂപയായി വർദ്ധിപ്പിക്കുന്നു. വലിയതുറ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപയും വ്യാപാരി-വ്യവസായികളുടെ ക്ഷേമ പെൻഷനുകൾ എ, ബി, സി, ഡി ഗ്രേഡുകളായി ഉയർത്തുന്നതിനുവേണ്ടി ഒരുകോടി രൂപയും മാറ്റിവയ്ക്കുന്നു. മദ്യവർജ്ജന ബോധവൽക്കരണ പരിപാടികൾ വിപുലമാക്കുന്നതിനായി ഒരു കോടി രൂപയും പത്രപ്രവർത്തകരുടേയും കുടുംബാംഗങ്ങളുടേയും ആരോഗ്യ പരിരക്ഷ പദ്ധതിക്ക് പിൻബലം നൽകുന്നതിനായി ഒരുകോടി രൂപയും ആറ്റുകാൽ ടൗൺഷിപ്പ്പദ്ധതി പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും മോയിൻകുട്ടി വൈദ്യർ സ്മാരകം അക്കാദമിയായി ഉയർത്തുന്നതിന് 20 ലക്ഷം രൂപയും വകയിരുത്തുന്നു. പരിവർത്തിത ക്രിസ്ത്യൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് 4 കോടി രൂപയായി ഉയർത്തുകയാണ്. എസ്.സി./എസ്.ടി. വികസന വകു

പ്പിന്റെ കീഴിലുള്ള കിന്റർഗാർട്ടൻ – നഴ്സറി – വികാസ്‌വാടി ടീച്ചർമാരുടെ ശമ്പളം 3,000 രൂപയായും ആയമാരുടെ ശമ്പളം 1,500 രൂപയായും കുട്ടികളുടെ ഫീഡിംഗ് ചാർജ്ജ് 15 രൂപയായും യൂണിഫോം അലവൻസ് 400 രൂപയായും വർദ്ധിപ്പിക്കുന്നു. സമഗ്ര കാർഷിക വികസനം ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന 'നിറവ്' പദ്ധതിക്ക് സംസ്ഥാനത്തൊട്ടാകെ 6 കോടി രൂപയും കുറ്റിപ്പുറത്ത് മഹാകവി ഇടശ്ശേരി സ്മാരകത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 25 ലക്ഷം രൂപയും വകയിരുത്തുന്നു. വരാപ്പുഴ പപ്പൻ സ്മാരക ആഡിറ്റോറിയം നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപയും കോട്ടയത്ത് സംക്രാന്തിയിൽ റെയിൽവേക്ക് അടിപ്പാത നിർമ്മിക്കുന്നതിനായി 5 കോടി രൂപയും മാറ്റിവയ്ക്കുന്നു. കരമന-കളിയിക്കാവിള റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് 25 കോടി രൂപയും തൃശ്ശൂർ-മണ്ണുത്തി-അമലനഗർ ബൈപ്പാസ് നിർമ്മാണത്തിന് ഒരു കോടി രൂപയും മാറ്റിവയ്ക്കുന്നു. ദുബായ് മാതൃകയിൽ ആധുനിക സൗകര്യങ്ങളോടെ കൊച്ചിയിൽ മീഡിയ സിറ്റി ആരംഭിക്കുന്നതോടൊപ്പം പബ്ലിക് റിലേഷൻസ് വകുപ്പ് ഔദ്യോഗിക ടി.വി. ചാനലും ആരംഭിക്കുന്നതാണ്. നെല്ലിന്റെ സംഭരണവില യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനായി അടുത്ത വർഷം മുതൽ വിളവെടുപ്പ് സമയത്ത് ആവശ്യമായ തുക സപ്ലൈകോയുടെ ആഭിമുഖ്യത്തിലുള്ള കോർപ്പസ് ഫണ്ടിൽ നിക്ഷേപിക്കുന്നതാണ്. മലബാർ ജില്ലകളിലെ ടൂറിസം വികസനത്തിന് കേന്ദ്ര സഹായത്തോടെ രൂപകൽപ്പന ചെയ്തിട്ടുള്ള 150 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സഹായം കിട്ടുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം അനുവദിക്കുന്നതാണ്. ഉറവിട മാലിന്യ നിർമ്മാർജ്ജനത്തിനു

വേണ്ടി ബഡ്ജറ്റിൽ നീക്കി വച്ച 100 കോടി രൂപയിൽ 75 കോടി രൂപ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും 25 കോടി രൂപ പഞ്ചായത്തുകൾക്കും നൽകുന്നതാണ്. പന്മന ആശ്രമത്തിന് 10 ലക്ഷം രൂപ കൂടി അനുവദിക്കുന്നു. പ്രൊഡക്ടീവ് പർപ്പസിനുവേണ്ടി ആവശ്യമെങ്കിൽ നിബന്ധനകൾക്ക് വിധേയമായി കടമെടുക്കുന്നതല്ലാതെ സംസ്ഥാനത്തിന്റെ കടഭാരം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. ത്രിതല പഞ്ചായത്ത് അംഗങ്ങൾക്കായി ഒരു പുതിയ ഇൻഷ്വറൻസ് സ്കീം കൊണ്ടുവരുന്നതാണ്. പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഈ വർഷം 25 കോടി രൂപ മാറ്റിവയ്ക്കുന്നു. വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ള എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ പ്രൊഫഷണൽ വിദ്യാർത്ഥികളുടേയും 2003 മുതൽ 2009 വരെയുള്ള പലിശബാധ്യത എഴുതിത്തള്ളുന്നതാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഒരുകോടി രൂപയുടെ എം.എൽ.എ. ഫണ്ടിൽ ബാക്കി നൽകാനുണ്ടായിരുന്ന 25 ലക്ഷം രൂപ നടപ്പുവർഷം തന്നെ നൽകുന്നതാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിലേക്ക് അനുവദിച്ചിട്ടുള്ള 705 കോടി രൂപയിൽ നിന്ന് 25 ലക്ഷം രൂപ മുതൽ 5 കോടി രൂപ വരെയുള്ള ഏത് വർക്ക് വേണമെങ്കിലും എം.എൽ.എ. മാർക്ക് തെരഞ്ഞെടുക്കാവുന്നതാണ്. എം.എൽ.എ. മാർ ശുപാർശ ചെയ്ത ഏതെങ്കിലും വർക്ക് വോള്യം - 2 -ൽ വിട്ടുപോയിട്ടുള്ളത് ചൂണ്ടിക്കാണിച്ചാൽ വോള്യം-2-ൽ ഉൾപ്പെടുത്തി ഉത്തരവ് നൽകുന്നതാണ്. സംസ്ഥാനത്തിന്റെ

പുരോഗതിക്കുവേണ്ടി ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഗവൺമെന്റ് പ്രവർത്തിക്കുന്നതാണ്. പുതിയതായി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾക്കുള്ള തുകകൂടി ഉൾപ്പെടുത്തുമ്പോൾ വർഷാന്ത്യ റൊക്ക ബാക്കി **289.25** കോടി രൂപ എന്നത് **422.57** കോടി രൂപയായി വർദ്ധിക്കുന്നതാണ്. എല്ലാവരുടേയും സഹകരണത്തിന് നന്ദി.

## 236-ാം ചട്ടത്തിന്റെ രണ്ടാം ഉപചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): **2012–13** സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെമേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട സൂക്ഷ്മ പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ **236**-ാം ചട്ടത്തിന്റെ രണ്ടാം ഉപചട്ടം ധനാഭ്യർത്ഥനകൾ പാസ്സാക്കുന്നതിനായി ചേരുന്ന സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം **4.30**-ന് പിരിഞ്ഞു.